LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സഹകരണ ആശുപത്രികൾ

90 [3604] *പ്രൊഫ. കെ. വി. തോമസ്:*
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എം. എം. ഹസ്സൻ:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണ ആശുപത്രികളുണ്ട്;

(ബി) ഇവയിൽ മാർക്സിസ്റ്റു പാർട്ടിയുടെ വകയായോ ആ പാർട്ടിയുടെ അധീനതയിലോ ആ പാർട്ടിയുമായി ബന്ധമുള്ളതോ ആയ എത്ര ആശുപത്രികളുണ്ട്;

(സി) ഇവയിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ പെടുന്നവയെത്രയാണ്;

(ഡി) ഈ ആശുപത്രികളിൽ ചികിത്സനടത്തുന്നത് സൗജന്യമായോ സൗജന്യ നിരക്കിലോ ആണോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 123 സഹകരണ ആശുപത്രികളുണ്ട്.

(ബി) മാർക്സിസ്റ്റുപാർട്ടിയുമായി ബന്ധമുള്ള 38 ആശുപത്രികളുണ്ട്.

(സി) സ്പെഷ്യാലിറ്റി — 9, സൂപ്പർ സ്പെഷ്യാലിറ്റി — 2.

(ഡി) ചില ആശുപത്രികളിൽ രോഗികൾക്കും മെമ്പർമാർക്കും ഇളവനുവദിക്കുന്നുണ്ട്.

റബ്കോയുടെ ആഡിറ്റ്

91 [3605] *ശ്രീ. ലൂഡി ലൂയിസ്:*
,, കെ. മോഹൻ കുമാർ:
,, ടി. എൻ. പ്രതാപൻ:
, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്കോയുടെ ആഡിറ്റ് ഏതുവർഷം വരെയുള്ളത് പൂർത്തിയാക്കിയിട്ടുണ്ട്;

(ബി) ഇക്കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നടത്തിയ ആഡിറ്റിംഗിൽ എന്തെല്ലാം ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സംഘത്തിന്റെ ബാലൻസ് ഷീറ്റ് ഏതുവർഷം വരെയുള്ളത് പ്രസിദ്ധീകരിച്ചു;